Deivarajyam September 2014
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/9/2014
● Posted at Thodupuzha Stg.
Annual Subscription Rs. 75.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

LOVE NEVER ENDS

## കോതമംഗലം രൂപതാ ബുള്ളറ്റിൻ

വാല്യം 53
സെപ്തംബർ 2014
ലക്കം 9





ഒക്ടോബർ 4-ന്
നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
മോൺ. ഫ്രാൻസീസ് ആലപ്പാട്ട് അച്ചന്
രൂപതാകുടുംബത്തിന്റെ

**തിരുനാൾ മംഗളങ്ങൾ!!!**

# അഭിനന്ദനങ്ങൾ



2014 ആഗസ്റ്റ് 22-ാം തീയതി
ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും
"Church's Involvement in the Society
through the Education Ministry:
A Theological Study in the Context of Kerala"
എന്ന വിഷയത്തിൽ തിയോളജിയിൽ
ഡോക്ടറേറ്റ് നേടിയ ബഹുമാനപ്പെട്ട
ജോസഫ് എഴുമായിൽ അച്ചന്

**അഭിനന്ദനങ്ങളും !!!**

**ആശംസകളും !!!**

# ദൈവരാജ്യം

**OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM**

**Vol. LIII No. 9 September 2014**


സർക്കുലർ നം. കെ.സി.ബി.സി./ഇ.സി./01/2014.

01-08-2014

## സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, സമർപ്പിതസമൂഹശ്രേഷ്ഠരേ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സഹോദരിമാരേ, സ്ഥാപനങ്ങളിലെ അധ്യാപക അനധ്യാപക ശുശ്രൂഷകരേ,

കത്തോലിക്കാസഭയുടെ വിദ്യാഭ്യാസദർശനം നിങ്ങളുമായി പങ്കുവയ്ക്കുന്നതിനും നമ്മുടെ കലാലയങ്ങളിലും വിദ്യാലയങ്ങളിലും മൂല്യബോധന ക്ലാസ്സുകൾ തികഞ്ഞ ഗൗരവത്തോടും നിരന്തരമായ ശ്രദ്ധയോടും കൂടി നിർവ്വഹിക്കണമെന്ന് ഓർമ്മിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ സർക്കുലർ നിങ്ങൾക്ക് അയക്കുന്നത്. നിങ്ങൾക്കറിയാവുന്നവയും അനുവർത്തിക്കുന്നവയുമാണെങ്കിലും ഇടയ്ക്കിടെ ഓർമ്മിപ്പിക്കുന്നത് കൂടുതൽ പ്രോത്സാഹജനകമാകുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലും, ഭാരതകത്തോലിക്കാമെത്രാൻസമിതിയും നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി നല്കിയിട്ടുള്ള മാർഗ്ഗരേഖകളുടെ വെളിച്ചത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ഈ കത്ത് സഹായിക്കട്ടെ.

കത്തോലിക്കാസഭ അമ്മയെന്ന നിലയിൽ മനുഷ്യമക്കളുടെ സാമൂഹിക ഉന്നമനത്തിനും ഉൽക്കർഷത്തിനുമായി നിരവധി പരിശ്രമങ്ങൾ വിവിധങ്ങളായ പദ്ധതികളിലൂടെ നടത്തുന്നത് ഏവരും അംഗീകരിക്കുന്ന കാര്യമാണല്ലോ. അതിൽ പ്രഥമസ്ഥാനം വിദ്യാഭ്യാസത്തിനാണ്. ലോകത്തിൽ യഥാർത്ഥ ഐക്യവും സമാധാനവും മറ്റു മനുഷ്യരുമായി സഹോദരതുല്യമായ സൗഹൃദവും സ്ഥാപിക്കുന്നതിന്



വിദ്യാഭ്യാസം ഉപകരിക്കുമെന്ന ബോധ്യത്തോടെയാണ് സഭ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നത്. അതുകൊണ്ട് ഓരോ വ്യക്തിയുടെയും സ്വഭാവത്തിനും ലിംഗഭേദത്തിനും സംസ്കാരത്തിനും ദേശീയ പാരമ്പര്യത്തിനും അനുരൂപമായ പദ്ധതികളിലൂടെ ഓരോരുത്തർക്കും തങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് ഉതകുന്ന വിദ്യാഭ്യാസം നൽകാനാണ് സഭ ആഗ്രഹിക്കുന്നത്. മനുഷ്യവ്യക്തിയെന്ന മാഹാത്മ്യത്തിന്റെ ഉടമകളെന്ന നിലയിൽ ആർക്കും അന്യാധീനപ്പെടുത്താൻ പാടില്ലാത്തതാണ് വിദ്യാഭ്യാസത്തിനുള്ള അവകാശം. ഏതു ജാതിയിലോ മതത്തിലോ പരിതസ്ഥിതിയിലോ പ്രായത്തിലോ ആയിരിക്കട്ടെ, വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കപ്പെടാൻ പാടില്ല. കാരണം മനഃശാസ്ത്രത്തിലും ബോധനശാസ്ത്രത്തിലും ധാർമ്മികശാസ്ത്രത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിക്കനുസൃതമായി ശാരീരികവും ബൗദ്ധികവും ധാർമ്മികവുമായ സ്വഭാവഗുണങ്ങൾ സമന്വയിപ്പിച്ച് കരുത്തുള്ളവരായി വളർന്നു വരുവാൻ കുട്ടികളും യുവജനങ്ങളും സഹായിക്കപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്.

എന്തിനുവേണ്ടിയാണ് നാം വിദ്യ അഭ്യസിപ്പിക്കുന്നത്? പലപ്പോഴും ഗൗരവപൂർവ്വം ഈ ചോദ്യം ഉന്നയിക്കപ്പെടുന്നില്ല. ഉപജീവനോപാധികൾ കണ്ടെത്താൻ സഹായിക്കുകയെന്ന ലളിതമായ ഉത്തരം നൽകി കടന്നുപോകാനാണ് നാം ശ്രമിക്കുന്നത്. എന്നാൽ, സഭ അഞ്ച് പ്രധാന ആശയങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

1. കുട്ടികളും യുവജനങ്ങളും സ്വജീവിതത്തിൽ സ്ഥിരപരിശ്രമം വഴി പരിശീലിക്കേണ്ട തികഞ്ഞ ഉത്തരവാദിത്വബോധം നേടിയെടുക്കുന്നതിന് അവരെ വിദ്യ അഭ്യസിപ്പിക്കണം.
2. സാമൂഹികജീവിതത്തിൽ ഭാഗഭാഗിത്വം വഹിക്കുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നാം അവരെ വിദ്യ അഭ്യസിപ്പിക്കണം.
3. മനുഷ്യ സമ്പർക്കസമൂഹങ്ങളിൽ ഉൾച്ചേരുന്നതിന് അവർ പരിശീലിപ്പിക്കപ്പെടണം.
4. പൊതുനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അവർ പ്രാപ്തരാകണം.
5. ധാർമ്മികമൂല്യങ്ങൾ ശരിയായ മനസ്സാക്ഷിയോടെ വിലയിരുത്തുന്നതിനും നിഷ്ഠയോടെ ആശ്ലേഷിക്കുന്നതിനും അവർ കരുത്തുള്ളവരായിത്തീരണം.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ തങ്ങളുടെ വിദ്യാർഥികളിൽ സന്നിവേശിപ്പിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയാണെന്നും സഭ നിഷ്കർഷിക്കുന്നുണ്ട്.

1. ബൗദ്ധികമായ കഴിവുകൾ.
2. തെറ്റും ശരിയും വിവേചിക്കാനുള്ള കഴിവ്.
3. പൂർവ്വികരുടെ സംസ്കാരപൈതൃകം എന്തെന്നു ബോധ്യപ്പെടുത്തൽ.
4. സനാതനമൂല്യങ്ങളിൽ അവബോധമുള്ളവരാകൽ.
5. തൊഴിൽപരമായ നൈപുണികൾ വികസിപ്പിക്കൽ.
6. കൂട്ടായ്മയുടെ പ്രാധാന്യവും പ്രസക്തിയും.
7. പരസ്പരം മനസ്സിലാക്കുന്നതിനുള്ള ചൈതന്യം.

അങ്ങനെ ഓരോ വിദ്യാഭ്യാസസ്ഥാപനവും മാതാപിതാക്കളും, അധ്യാപകരും, സാംസ്കാരിക, രാഷ്ട്രീയ, മതസമൂഹങ്ങളും ഒരുപോലെ പങ്കു വഹിക്കുന്ന പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കുമുള്ള പൊതുവേദികളായി പരിണമിക്കണമെന്ന് സഭ പഠിപ്പിക്കുന്നു. അങ്ങനെ വരുമ്പോൾ വിദ്യാഭ്യാസപ്രക്രിയയിൽ എല്ലാവർക്കും തുല്യവും ഗൗരവപൂർണ്ണവുമായ ഉത്തരവാദിത്വമുണ്ടെന്ന വസ്തുത അംഗീകരിക്കപ്പെടും.

ഓരോ സ്ഥലത്തെയും പ്രത്യേകതകൾക്കനുസൃതമായി അനുരൂപമായ വിദ്യാഭ്യാസസമ്പ്രദായങ്ങളും പഠന പദ്ധതികളും കണ്ടുപിടിക്കണമെന്ന് സഭ വിശ്വാസസമൂഹത്തോട് ആവശ്യപ്പെടുന്നുണ്ട്. അവ ശരിയായവിധം പരിശീലിപ്പിക്കുന്നതിന് സമർത്ഥരായ അധ്യാപകരെ രൂപീകരിക്കുന്ന ഉത്തരവാദിത്വവും അവർക്കു തന്നെയാണെന്നും, ധാർമ്മികബോധനം നൽകുന്നതിൽ നിർബന്ധബുദ്ധിയുണ്ടാകണമെന്നും സഭ നിഷ്കർഷിക്കുന്നു. സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ തീർച്ചയായും സഭയുടെ സജീവമായ സാന്നിദ്ധ്യമാണ് സമൂഹമധ്യേ പ്രകാശിപ്പിക്കുന്നത്. മാത്രമല്ല സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും സുവിശേഷചൈതന്യത്താൽ സജീവമായ അന്തരീക്ഷമായിരിക്കണം സ്ഥാപനാങ്കണത്തിൽ ഉണ്ടാകേണ്ടതെന്നും സഭ ബന്ധപ്പെട്ടവരെ ഓർമ്മിപ്പിക്കുന്നു. അധ്യാപകരാകട്ടെ, ബൗദ്ധികവിഷയങ്ങളിൽ ബിരുദമുള്ളവർ മാത്രമായാൽപ്പോരാ, അവർ അധ്യാപനകലയിൽ നിപുണരും തമ്മിൽതമ്മിലും വിദ്യാർത്ഥികളോടും സ്നേഹം പുലർത്തുന്നവരുമായിരിക്കണം. അവർ തങ്ങളുടെ ജീവിതം വഴിയും പ്രബോധനം വഴിയും ഏകഗുരുവായ യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കണം. പാഠ്യവിഷയങ്ങൾക്കു പുറമേ വ്യക്തിജീവിതവിശുദ്ധിക്കു സഹായക



രമായ ഉപദേശവും സ്നേഹവും നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നവരുമായിരിക്കണം. ഇതിന് മനസ്സിന്റെയും ഹൃദയത്തിന്റെയും സവിശേഷമായ കഴിവുകളും അങ്ങേയറ്റം ശുഷ്കാന്തിയോടെയുള്ള ഒരുക്കവും തുടർച്ചയായ നവീകരണത്തിനും അനുരൂപണത്തിനുമുള്ള സന്നദ്ധതയും ആവശ്യമാണ്.

നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട നന്മ സഹകരണത്തിന്റേതാണ്. വിദ്യാഭ്യാസപ്രവർത്തനത്തിൽ അത്യന്താപേക്ഷിതമാണത്. നമ്മുടെ എല്ലാ സ്ഥാപനങ്ങളും ഒരേ ഭൗതിക നിലവാരത്തിലോ ആധുനിക ഭൗതിക സംവിധാനങ്ങളുടെ കാര്യത്തിലോ തുല്യമായിരിക്കില്ല. എന്നാൽ ഒരേ ലക്ഷ്യമാണ് നമ്മുടേത് എന്നതുകൊണ്ട് സഹകരണത്തിന്റെ വലിയ പാഠം സമൂഹത്തെ പഠിപ്പിക്കാൻ നമുക്കു കഴിയും. അതിനാൽ സ്ഥാപനങ്ങൾ തമ്മിൽ യുക്തമായ ഏകോപനമുണ്ടാകുന്നതും ഒരുമിച്ചുള്ള സമ്മേളനങ്ങൾ കൂടുന്നതും ശാസ്ത്രഗവേഷണങ്ങൾ പങ്കുവെയ്ക്കുന്നതും കണ്ടുപിടുത്തങ്ങളും അധ്യാപകരുടെ സേവനങ്ങളും കൈമാറുന്നതുമൊക്കെയായി പരസ്പരസഹകരണത്തിന് ഉതകുന്നവ പ്രോത്സാഹിപ്പിക്കാൻ നമുക്കു കഴിയണം. കാരണം മനുഷ്യസമൂഹത്തിന്റെ നന്മയാണല്ലോ ഈദൃശ പ്രവൃത്തികളുടെ ലക്ഷ്യങ്ങൾ.

ചുരുക്കത്തിൽ സനാതനമൂല്യങ്ങളും ക്രൈസ്തവമൂല്യങ്ങളും പങ്കുവയ്ക്കപ്പെടുകയാണ്. പ്രകൃതിയെയും മനുഷ്യനെയും ഇതരജീവജാലങ്ങളെയും അർഹിക്കുന്ന ആദരവോടെ പരിഗണിക്കാനും പരിചരിക്കാനും പരിപോഷിപ്പിക്കാനും ക്രിസ്തുസ്നേഹത്തിൽ പരിശീലിപ്പിക്കുകയാണ്. നന്മയും തിന്മയും ശരിയും തെറ്റും വിവേചിക്കാനും നന്മയെ നിഷ്ഠയോടെ ആശ്ലേഷിക്കാനും ശരിയുടെ ഭാഗത്ത് ചങ്കുറപ്പോടെ പക്ഷം ചേരുവാനും സുവിശേഷചൈതന്യത്താൽ പ്രേരിതരായി പരസ്നേഹപ്രവൃത്തികളിൽ വ്യാപരിക്കുവാനും കത്തോലിക്കാവിദ്യാലയങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർഥികൾ പ്രാപ്തരാകണം. അതിനു സഹായകരമാകുംവിധം മൂല്യബോധന ക്ലാസ്സുകൾ ക്രമീകരിക്കുകയും പൊതുവായ സിലബസ് എല്ലാവരും അനുവർത്തിക്കുകയും വേണം. സഭയുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്നതും സനാതനമൂല്യങ്ങൾ പരിശീലിപ്പിക്കാൻ കഴിയുന്നതുമായ പാഠപുസ്തകങ്ങൾ തയ്യാറാക്കപ്പെടണം. ഈ ചിന്തകളുടെ വെളിച്ചത്തിൽ നമ്മുടെ വിദ്യാ

ഭ്യാസസ്ഥാപനങ്ങളിൽ നൽകിവരുന്ന മൂല്യബോധന ക്ലാസ്സുകൾക്ക് ഒരു ഏകോപനം ഉണ്ടാകണമെന്ന് കഴിഞ്ഞ ജൂൺ മാസത്തിലെ കെ. സി.ബി.സി. യോഗത്തിൽ ധാരണയായി. അടുത്ത അധ്യയനവർഷം മുതൽ നമ്മുടെ എല്ലാ മലയാളം, ഇംഗ്ളീഷ് മീഡിയം വിദ്യാലയങ്ങളിലും പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികളെ പരിശീലിപ്പിക്കുവാൻ ഉതകുന്ന മൂല്യബോധന പുസ്തകങ്ങൾ പി.ഒ.സി.യിൽ നിന്ന് പ്രസിദ്ധീകരിക്കുകയും അവ എല്ലാ വിദ്യാലയങ്ങളും ഉപയോഗിക്കുകയും വേണമെന്നാണ് അഭിവന്ദ്യപിതാക്കന്മാർ ആഗ്രഹിക്കുന്നത്. ഇപ്പോൾ തന്നെ പല വിദ്യാലയങ്ങളും പി.ഒ.സി. പ്രസിദ്ധം ചെയ്തിട്ടുള്ള മലയാളം ടെക്സ്റ്റുബുക്കുകൾ ഉപയോഗിക്കുന്നുണ്ട്.

എല്ലാ ക്ലാസ്സുകളിലെയും വാർഷികപരീക്ഷ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പർ ഉപയോഗിച്ചാകണം നടത്തേണ്ടത്. ആയത് മൂല്യബോധനക്ലാസ്സുകളുടെ ചുമതലയുള്ള രൂപതാഡയറക്ടർമാർ വിദ്യാഭ്യാസകമ്മീഷന്റെ ഓഫീസിൽ നിന്നും വാങ്ങേണ്ടതും അവരുടെ മേൽനോട്ടത്തിൽ പരീക്ഷകൾ നടത്തി മൂല്യനിർണ്ണയം ചെയ്ത് അർഹരായവർക്ക് രൂപതാതലത്തിൽ പ്രോത്സാഹനങ്ങൾ നൽകേണ്ടതുമാണ്.

എന്നാൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ വാർഷികപരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി 80% ത്തിൽ അധികം മാർക്ക് ലഭിക്കുന്ന ഉത്തരക്കടലാസ്സുകൾ കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെ ഓഫീസ്സിലേക്ക് അയയ്ക്കേണ്ടതാണ്. അവ സംസ്ഥാനതലത്തിൽ പുനഃമൂല്യനിർണ്ണയം നടത്തുന്നതും അർഹരായവർക്കു പ്രോത്സാഹനങ്ങൾ നൽകുന്നതുമായിരിക്കും.

കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഓരോരുത്തരും നൽകി വരുന്ന പ്രോത്സാഹനങ്ങൾക്കും സഹകരണങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുന്നു. സഭയുടെ വിദ്യാഭ്യാസമേഖലയിൽ സജീവമാകാനും ആവശ്യമായ ക്രിയാത്മക നേതൃത്വം കൊടുക്കാനും വിദ്യാഭ്യാസകമ്മീഷൻ കൂടുതൽ ശ്രദ്ധിക്കുന്നതാണ്. ഈ പ്രേഷിതമേഖലയിൽ നിങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കമ്മീഷനുമായി പങ്കുവയ്ക്കുന്നതിന് നിങ്ങൾ താത്പര്യം കാണിക്കുമല്ലോ. കഴിയുന്നത്ര വിധത്തിൽ നിങ്ങളെ സഹായിക്കാൻ കമ്മീഷൻ പ്രതിജ്ഞാബദ്ധമാണ്.



സഭയുടെ വിദ്യാഭ്യാസരംഗത്തെ എല്ലാ ശുശ്രൂഷകർക്കും പരമഗുരുവായ യേശുക്രിസ്തുവിന്റെ കൃപയും സമാധാനവും ആശംസിക്കുന്നു.

ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്,
ചെയർമാൻ,
കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ.

## രൂപതക്കച്ചേരി

### *C. 56/2014* വിശ്വാസത്തെപ്രതി പീഡിപ്പിക്കപ്പെടുന്ന സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം

ഇറാഖിൽ പീഡനമനുഭവിക്കുന്ന സഹോദരങ്ങൾക്കുവേണ്ടി ഓഗസ്റ്റ് മാസം 19-ാം തീയതി ചൊവ്വാഴ്ച ഇടവകകളിൽ 2 മണിക്കൂർ ആരാധന നടത്തിയും 20-ാം തീയതി ബുധനാഴ്ച മുതൽ 22-ാം തീയതി വെള്ളിയാഴ്ചവരെ കാരക്കുന്നം മോചനയിൽ നടത്തിയ അഖണ്ഡ ആരാധനയിൽ പങ്കുചേർന്നും പ്രാർത്ഥിക്കുകയും അവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്ത ഏവർക്കും നന്ദി പറയുന്നു. തുടർന്നും നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകിച്ച്, വി. കുർബാനയിൽ വിശ്വാസത്തെപ്രതി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡനമേൽക്കുന്ന, മതത്യാഗത്തിന് നിർബന്ധിക്കപ്പെടുന്ന, രക്തസാക്ഷിത്വം വരിക്കുന്ന എല്ലാ സഹോദരങ്ങളെയും ഓർക്കാം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് ഇറാഖിലും നൈജീരിയയിലും ഇപ്പോൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിശ്വാസപ്രതിസന്ധിയെ അതിജീവിക്കുന്നതിന് ക്രൈസ്തവ സഹോദരങ്ങൾക്ക് ശക്തി കിട്ടുവാൻ വി. കുർബാനയിൽ ഒരു കാറോസൂസ കൂടി കൂട്ടിച്ചേർക്കുന്നത് നല്ലതാണ്.

["കർത്താവായ ദൈവമേ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശ്വാസത്തെ പ്രതി പീഡനമേൽക്കുന്ന സഹോദരങ്ങളെ ശക്തിപ്പെടുത്തണമെയെന്നും ഏതു പ്രതിസന്ധിയിലും പതറാതെ ക്രൈസ്തവവിശ്വാസത്തിന് സജീവ സാക്ഷ്യം നൽകുവാൻ അവരെ സഹായിക്കണമെയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു."]

### *C. 57/2014* ഒക്ടോബർ മാസത്തിലെ ജപമാല ഭക്തി

ജപമാലയർപ്പണമാണ് നമ്മുടെ കുടുംബങ്ങളിലെ പ്രധാന

പ്രാർത്ഥന. കുടുംബത്തിലുള്ള എല്ലാവരും ഒരുമിച്ചുകൂടി ജപമാല യർപ്പിക്കുന്നിടത്ത് ദൈവാനുഗ്രഹം പ്രത്യേകമാംവിധം വർഷിക്കപ്പെടുന്നു. ജപമാല കൂടുതൽ ആഘോഷമായി നടത്തുവാൻവേണ്ടി മാറ്റിവച്ചിരിക്കുന്ന മാസമാണല്ലോ ഒക്ടോബർ. നമ്മുടെ ഇടവകകളിൽ വിശ്വാസികൾ എല്ലാവരും തങ്ങളുടെ ആത്മീയ പിതാവായ വികാരിയച്ചനോടുചേർന്ന് ജപമാല പ്രാർത്ഥന നടത്തുന്നതുവഴി ഇടവക ദൈവകൃപകൊണ്ടു നിറയുകയും ഇടവകയിൽ ഐക്യവും കൂട്ടായ്മയും സംജാതമാവുകയും ചെയ്യും. അതുകൊണ്ട് പതിവുപോലെ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും കുടുംബക്കൂട്ടായ്മകളിലും ആഘോഷപൂർവം ജപമാല ചൊല്ലുന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

*Bishop*

### *C. 58/2014* **സെപ്തംബർ 28, പ്രാർത്ഥനാദിനം**

കുടുംബത്തിന്റെ കെട്ടുറപ്പും ഭദ്രതയും നഷ്ടമാകുന്നിടത്ത് മൂല്യച്യുതിയും അധാർമ്മികതയും വർദ്ധിക്കും. കുടുംബത്തിൽ സുരക്ഷിതത്വബോധം ലഭിക്കാതെ വരുമ്പോൾ കുഞ്ഞുങ്ങളുടെ മാനസികവും ആത്മീയവുമായ വളർച്ചയെ അത് സാരമായി ബാധിക്കും. കുടുംബത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ആധുനികകാലഘട്ടത്തിൽ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടുന്നതിന് കുടുംബജീവിതം നയിക്കുന്നവരെ സജ്ജരാക്കുകയും ചെയ്യുക ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ പ്രത്യേകവിഷയവും കുടുംബമാണ്. KCBC ഫാമിലി കമ്മീഷൻ ആസൂത്രണം ചെയ്തിരിക്കുന്നതുപോലെ 2014 സെപ്തംബർ മാസം 28-ാം തീയതി ഞായറാഴ്ച നമ്മുടെ രൂപതയിൽ പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. എല്ലാ കുടുംബങ്ങൾക്കുവേണ്ടിയും സിനഡിന്റെ വിജയത്തിനുവേണ്ടിയും അന്നേ ദിവസം നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

*Bishop*

### *C. 59/2014* New Appointments

**Co-ordinator of Poor Homes & Care Homes**
: Fr. Sebastian Kanimattathil

**Vazhakulam Retreat Centre**
Director : Rev. Fr. George Chettoor



**Eparchial Tribunal**
Defender of Bond : Rev. Fr. Dennis Ezhuthupurackal CST

*Bishop*

### *C. 60 /2014* Priests' Study Forum

A study forum for priests will be conducted on Tuesday October 14, 2014 from 9.30 am to 1.00 pm at NESTT, Muvattupuzha. There will be one hour adoration and occasion for confession. Please attend without fail.

*Syncellus*

### *C. 61/2014* **കുർബാനക്രമവും കുമ്പസാരപത്തോന്തിയും**

സെപ്തംബർ മാസത്തിൽ നെസ്റ്റിൽ ധ്യാനത്തിന് വരുന്നവർ കുർബാനക്രമത്തിന്റെ പുസ്തകവും കുമ്പസാരപത്തോന്തിയും പതിവുപോലെ അവിടെ കൊണ്ടുവരുമല്ലോ. മറ്റ് ധ്യാനങ്ങളിൽ പങ്കെടുത്തവർ ഒക്ടോബർ മാസത്തിലെ സ്റ്റഡിഫോറത്തിന് നെസ്റ്റിൽ ഒരുമിച്ചുകൂടുമ്പോൾ ഇവ എത്തിക്കുകയാണെങ്കിൽ നന്നായിരുന്നു. ഇക്കാര്യം പ്രത്യേകം ഓർക്കുമല്ലോ.

*Chancellor*

### *C. 62 /2014* **വൈദികരുടെ വാർഷികധ്യാനം**

വൈദികർക്കുവേണ്ടിയുള്ള അവസാനബാച്ച് വാർഷികധ്യാനം സെപ്തംബർ 14 മുതൽ 19 വരെ മുവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നു.

**ധ്യാനഗുരു: റവ. ഫാ. ബെന്നി പുത്തൻനടയിൽ**

**FOURTH BATCH**
Venue: NESTT
**14 September Sunday to 19 Friday**

1 Alappatt Mgr.Francis
2 Areekatt Mathew
3 Ariappillil Emmanuel
4 Arolichalil Sebastian
5 Athickal Francis
6 Athickal Pius
7 Chemparathy George
8 Cheruparambil Thomas
9 Edassery Mathew
10 Edathotty Paul
11 Edattu Mathews
12 Elanjedath John
13 Kachiramattam Kuriakose
14 Kadukamakal Joseph
15 Kakanatt Mathew
16 Kakkuzhy James
17 Kalapurackal Jose
18 Kallarackal John
19 Kallarackal Joseph
20 Kanjirakombil George

21 Kannadan Francis
22 Kannamkulam Thomas
23 Karakombil Paul
24 Keerampara Francis
25 Kizhakedathu Peter
26 Kizhakel Jose
27 Kodamullil Jose
28 Kodamullil Paul
29 Kodiammanal John
30 Koikakudy Joseph
31 Koikakudy Joseph Cherian
32 Koithanathu Joseph
33 Kottarathil Thomas
34 Kottoor Jose
35 Kunnamkulathil Emmanuel
36 Kunnath Mathew
37 Kunnel Stanislaus
38 Kurianal Emmanual
39 Kurisummottil George
40 Kurukoor George
41 Kuzhinjalil Thomas
42 Mailackachalil Paul
43 Malekudy Thomas
44 Mandapathil Varkey
45 Mannathukaran Jacob
46 Moorkattil Jose
47 Mulanjanany Joseph
48 Mundackal Mathew (Jr)
49 Mundackal Mathew (Sr)
50 Mundunadayil Joseph
51 Muttathuvalayil Joseph
52 Nampiaparambil Joseph
53 Nandalath Mathews
54 Nedungatt Vincent
55 Niravathinal Abraham
56 Panachickal James
57 Panackal Thomas
58 Pannarakunnel Sebastian
59 Pazhayapeedikayil Johnson
60 Peechatt Emmanuel
61 Peechatt Jose
62 Poonattu Mathew
63 Pothanamuzhi Mathew
64 Pothanamuzhi Thomas
65 Pottackal George
66 Puthiyedath Jacob
67 Thalappillil Jacob
68 Thayyil James
69 Thekkekara Mathew (Jr)
70 Thekkettath George
71 Thevarpadam Mathews
72 Vadakekudy James
73 Vadakel George
74 Vattakatt Augustine
75 Vattakuzhy Emmanuel
76 Vattakuzhy Jose
77 Vattappallil Jacob
78 Vattathottathil Thomas
79 Velliamthadam Joseph
80 Vengooran Jose
81 Vettikuzha Thomas
82 Vilangupara Paul

*Syncellus*

## *Pr.C 6 /2014* Special Meeting of the Presbyteral Council

A Special Meeting of the Presbyteral Council will be held on Tuesday, September 9, 2014 from 10.00 am to 1.00 pm at the Bishop's house. The members are cordially invited.

*Secretary*



## *PWA 1 /2014* PWA Meeting

PWA General Body Meeting is arranged to be held on October 14, 2014 at 2.30 pm at NESTT, Muvattupuzha. All members are invited to attend the meeting.

*Secretary*

# മൈനർ സെമിനാരി

## *MS 22 /2014* ദൈവവിളി ക്യാമ്പ്

ഈ വരുന്ന ഓണാവധിക്കാലത്ത് മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പ് നടക്കുന്നു. സെപ്തംബർ 8-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 10-ാം തീയതി രാവിലെ 10 മണിക്ക് അവസാനിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന SSLC, +2 പരീക്ഷയ്ക്ക് ഒരുങ്ങുന്നവരും ഉപരി വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ അനുയോജ്യരായ കുട്ടികളെ ബ. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ചു കത്തു നൽകി പറഞ്ഞയയ്ക്കുമല്ലോ.

NB: ക്യാമ്പിൽ പങ്കെടുക്കുന്നവർ നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

## *MS 23/2014* ഏയ്ഞ്ചൽസ് മീറ്റ്

ഈ ഓണാവധിക്കാലത്ത് മൈനർ സെമിനാരിക്കാർ നമ്മുടെ രൂപതയിലെ ഇടവകകളിൽ 'ഏയ്ഞ്ചൽസ് മീറ്റ്' പരിപാടി നടത്തുവാൻ ഒരുങ്ങിയിട്ടുണ്ട്. സെപ്തംബർ 13 ശനി, 14 ഞായർ എന്നീ ദിവസങ്ങളിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് ഏയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ സാധിക്കുന്നത്. ഈ പ്രോഗ്രാം ഇടവകകളിൽ നടത്താൻ ആഗ്രഹിക്കുന്ന ബ. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

## *MS 24/2014* വിയാനി ഡേ

ഈ വർഷത്തെ വിയാനി ഡേ ആഘോഷപരിപാടികൾ ആഗസ്റ്റ്

മാസം 3, 4 തീയതികളിൽ നടത്തി. രൂപതയിലെ യുവവൈദികരും, മൈനർ സെമിനാരി വിദ്യാർത്ഥികളും തമ്മിൽ നടന്ന മത്സരത്തിൽ സെമിനാരിക്കാർ വിജയികളായി. ആഗസ്റ്റ് 4-ന് ആഘോഷമായ റാസ കുർബാന അർപ്പിച്ചു. വൈകിട്ട് 6 മണിക്ക് നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് അദ്ധ്യക്ഷത വഹിച്ചു. ബ്രദർ പോൾ വാലംപാറയ്ക്കൽ, ബ്രദർ ജെയിംസ് പരയ്ക്കനാൽ എന്നിവർ വിശുദ്ധന്റെ ജീവിതത്തെ ആസ്പദമാക്കി സംസാരിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

തുടർന്ന് മൈനർ സെമിനാരിക്കാർ അവതരിപ്പിച്ച 'അലിവിന്റെ കൂടാരം' എന്ന നാടകം പ്രമേയത്തിലും അഭിനയത്തിലും മികവുറ്റതായിരുന്നു. വികാരി ജനറാൾ പെ. ബഹു. ഓലിയപ്പുറം അച്ചൻ ആശംസകൾ നേർന്നു. ഇടവക വൈദികരുടെ തിരുനാൾദിനമായതിനാൽ സന്നിഹിതരായ എല്ലാ വൈദികരേയും സമ്മാനങ്ങൾ നൽകി ആദരിച്ചു. സമ്മേളനത്തിന് റെക്ടർ ഡോ. സ്റ്റാൻലി പുൽപ്രയിൽ സ്വാഗതം നേരുകയും ഫാ. ജെയിംസ് കളപ്പുരയ്ക്കൽ നന്ദിപറയുകയും ചെയ്തു.

*MS 25/2014* **സ്വാതന്ത്ര്യദിനം, സ്വർഗാരോപണതിരുനാൾ**

ആഘോഷമായ ദിവ്യബലിയോടെ തിരുനാൾ ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. തുടർന്ന് ബ. മാത്യൂസ് മാളിയേക്കൽ അച്ചൻ ദേശീയ പതാകയുയർത്തി സന്ദേശം നൽകി. രാവിലെ 9.00 മണിക്ക് ബാസ്ക്കറ്റ് ബോൾ സൗഹൃദമത്സരവും ഉച്ചകഴിഞ്ഞ് 3.00 മണിക്ക് വോളിബോൾ സൗഹൃദമത്സരവും നടന്നു. 11.00 മണിക്ക് നടന്ന സമ്മേളനത്തിൽ കോതമംഗലം നഗരസഭ വൈസ് ചെയർപേഴ്സൺ ശ്രീമതി റ്റീനാ മാത്യു അദ്ധ്യക്ഷത വഹിക്കുകയും സന്ദേശം നല്കുകയും ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് സെമിനാരിക്കാരുടെ വിവിധ കലാപരിപാടികൾ നടന്നു. ബ്രദർ ജോർജ് മാതേയ്ക്കൽ, ബ്രദർ മാത്യു തുമ്പനിരപ്പേൽ എന്നിവർ സ്വാതന്ത്ര്യദിനത്തിന്റെയും മാതാവിന്റെ സ്വർഗാരോപണത്തിന്റെയും ആശംസകൾ നേർന്നു. ബ്രദർ വർഗീസ് കണ്ണാടൻ സ്വാഗതവും ബ്രദർ ആന്റണി മൈപ്പാൻ കൃതജ്ഞതയും അർപ്പിച്ചു.

*MS 26/2014* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Rev. Fr. Joseph Nambiaparambil | ₹ | 10000 |
| 2 | P.J. Joseph Puthiaparambil, Nirmala Matha Muvattupuzha | ₹ | 10000 |
| 3 | M. P. John, Malayil, Kuravilangad | ₹ | 5000 |
| 4 | Manuel Mathew, Thottathimyalil, Neyyassery | ₹ | 6000 |
| 5 | Treesa Antony & Family, Thottathimyalil, Neyyassery | ₹ | 6000 |
| 6 | Joseph Kannamkulam, Alakode | ₹ | 5000 |
| 7 | George Parankimalil, Nellimattam | ₹ | 5000 |
| 8 | George Mathew & Mary Pothoor, Kallanickal | ₹ | 50000 |

*Rector*



VIJNANABHAVAN Kothamangalam

## വിജ്ഞാനഭവൻ

*V. 71/2014* **ലോഗോസ് ക്വിസ്, രൂപതാതലം 2014 സെപ്തംബർ 28 -ന്**

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരപ്പരീക്ഷ 2014 സെപ്തംബർ 28-ാം തീയതി ഞായറാഴ്ച 2.00 pm മുതൽ 3.30 pm വരെയായിരിക്കും നടക്കുക. നമ്മുടെ രൂപതയിൽ 31952 പേരാണ് ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവരെ അതിനായി പ്രോത്സാഹിപ്പിച്ച ബഹു. വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും അഭിനന്ദനങ്ങൾ. എല്ലാവരും പരീക്ഷയ്ക്ക് നന്നായി ഒരുങ്ങണമെന്ന് ഓർമ്മിപ്പിക്കുകയും വിജയാശംസകൾ നേരുകയും ചെയ്യുന്നു.

ചോദ്യപേപ്പറും ഉത്തരക്കടലാസ്സും B ലിസ്റ്റും സെപ്തംബർ 27-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. **ഹാൾടിക്കറ്റുകൾ നേരത്തെ ആവശ്യമുള്ളവർ അക്കാര്യം വിജ്ഞാനഭവൻ ഓഫീസിൽ അറിയിക്കേണ്ടതാണ് (കംപ്യൂട്ടറിൽ നിന്നും എടുക്കാവുന്നതാണ്.)** പരീക്ഷാപേപ്പറിൽ രജിസ്റ്റർ നമ്പറും പേരും കൃത്യമായി എഴുതേണ്ടതാണ്.

**ഉത്തരക്കടലാസുകൾ ലിസ്റ്റിലെ ക്രമം (A, B, C, D, E, F വിഭാഗം തിരിച്ച്) അനുസരിച്ച് അടുക്കി പായ്ക്ക് ചെയ്ത് ലിസ്റ്റിന്റെ കോപ്പിയും കൂടെവച്ച് സെപ്റ്റംബർ 29-ന് 5.00 മണിക്ക് മുമ്പായി** മേഖലാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. നേരത്തെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ആരുടെയും പേപ്പറുകൾ സ്വീകരിക്കുന്നതല്ല.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1 ഉത്തരകടലാസ്സിന്റെ മുകളിലായി A വിഭാഗമാണെങ്കിൽ A1, A2, B

വിഭാഗമാണെങ്കിൽ B1, B2 എന്നിങ്ങനെ ക്രമമായി എഴുതിക്കൊടു ത്താൽ ഉത്തരക്കടലാസ്സുകൾ അടുക്കുന്നതിന് എളുപ്പമുണ്ടായിരിക്കും.

2 പരീക്ഷ കൃത്യസമയത്ത് തന്നെ എല്ലാ സെന്ററുകളിലും നടത്തണം.

3 ഉത്തരക്കടലാസുകൾ പേന ഉപയോഗിച്ച് അടയാളപ്പെടുത്തണം. പെൻസിൽ ഉപയോഗിക്കാൻ പാടില്ല.

4 **ലിസ്റ്റിൽ തന്നിരിക്കുന്ന ക്രമമനുസരിച്ച് ഉത്തരക്കടലാസുകൾ പായ്ക്ക് ചെയ്ത് സെപ്റ്റംബർ 29-ന് മേഖലാ കേന്ദ്രങ്ങളിൽ എത്തി ക്കേണ്ടതാണ്.** 29-ന് ശേഷം ലഭിക്കുന്ന ഉത്തരക്കടലാസുകൾ മൂല്യ നിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.

5 വ്യത്യസ്ത നിറങ്ങളിലുള്ള ഉത്തരക്കടലാസുകളായിരിക്കും ലഭിക്കുക. ഉത്തരക്കടലാസുകൾ ഏതെങ്കിലും ഗ്രൂപ്പിൽ തികയാതെ വന്നാൽ മറ്റുഗ്രൂപ്പുകളിലെ ഉത്തരക്കടലാസുകൾ ഉപയോഗിക്കാവു ന്നതാണ്. ഉത്തരക്കടലാസ്സിന്റെ മുകളിൽ ഗ്രൂപ്പ് തിരുത്തി എഴുതേ ണ്ടതാണ്.

6 A പ്രായവിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് പ്രത്യേക ചോദ്യ പേപ്പറുകളായിരിക്കും ലഭിക്കുക.

7 പരീക്ഷ എഴുതാത്തവരുടെ പേരിന് നേരെ 'A' എന്ന് രേഖപ്പെടു ത്തണം.

8 രജിസ്റ്റർ ചെയ്യാത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദി ക്കരുത്. Absent ആയവർക്കുപകരം വേറെ പേരുകൾ എഴുതിച്ചേർ ത്താൽ സാധുവായിരിക്കില്ല. അവരുടെ പരീക്ഷാഫലം പ്രസിദ്ധീ കരിക്കുന്നതല്ല.

9 ഉത്തരക്കടലാസ്സിൽ രണ്ട് സ്ഥലത്ത് മാർക്ക് ചെയ്താൽ അത് പരിഗണിക്കുന്നതല്ല.

10 വിശ്വാസപരിശീലകരുടെ പേരിനു നേരെ ലിസ്റ്റിൽ **ചുവന്ന മഷി കൊണ്ട് 'T' എന്ന് രേഖപ്പെടുത്തണം.** (T എന്ന് രേഖപ്പെടുത്താ ത്തവരെ സമ്മാനത്തിന് പരിഗണിക്കുകയില്ല.)

11 **സിസ്റ്റേഴ്സിന്റെ പേരിന് നേരെ കോൺഗ്രിഗേഷൻ ഏതാണെന്ന് ചുവന്ന മഷികൊണ്ട് രേഖപ്പെടുത്തേണ്ടതാണ്.**

### *V. 72/2014* ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 12-ന്

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 12 ഞായ റാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.



I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ ആറു വരെയുമുള്ള പാഠങ്ങളാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാത് ക്ലാസ്സുകളിൽ പഠിക്കേണ്ട വിശുദ്ധരെ സംബന്ധിച്ചും നമസ്കാരങ്ങളെ സംബന്ധിച്ചും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ചോദ്യപേപ്പറുകൾ ഒക്ടോബർ 11-ാം തീയതി മേഖലാകേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്നതാണ്.

Std. I - IX Classes 11.00 am -1.00 pm

Std X, XI, XII Classes 2.00 pm - 4.00 pm

**X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പേപ്പറുകളും മാർക്കെഴുതിയ B list -ഉം മേഖലാ കേന്ദ്രത്തിൽ ഒക്ടോബർ 18 ശനിയാഴ്ച എത്തിക്കുക.** വിജ്ഞാനഭവൻ ഓഫീസിൽ മറ്റു ദിവസ ങ്ങളിലും ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതാണ്.

NB. 1, 2 ക്ലാസ്സുകളിൽ എഴുത്ത് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ചോദ്യപരീക്ഷയായിരിക്കും.

### *V. 73/2014* കോൺടാക്റ്റ് ക്ലാസ് – പ്രൈവറ്റ് രജിസ്ട്രേഷൻ

HCC I, HCC II എന്നീ ക്ലാസ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേ ഷൻ നടത്തിയ കുട്ടികൾക്കുള്ള കോൺടാക്റ്റ് ക്ലാസ്സുകളുടെ വിശദാം ശങ്ങൾ ചുവടെ ചേർക്കുന്നു. ബഹു. ഹെഡ്മാസ്റ്റർമാർ/ അദ്ധ്യാപകർ ഇക്കാര്യങ്ങൾ കുട്ടികളെ അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI - 2014 സെപ്തംബർ 13 ശനി

XII - 2014 സെപ്തംബർ 13 ശനി

സ്ഥലം : NESTT, മൂവാറ്റുപുഴ

സമയം : 9.30 am- 4.00 pm

★ ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

★ രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടി ഫിക്കറ്റ് നൽകുകയുള്ളൂ.

★ ഈ ക്ലാസ്സിൽ പങ്കെടുക്കാത്തവർക്കായി മറ്റൊരു ക്ലാസ് ഉണ്ടായി രിക്കുന്നതല്ല.

★ ക്ലാസ്സിൽ പങ്കെടുക്കാത്തവർ 5 ദിവസത്തെ ധ്യാനം കൂടേണ്ടതാണ്.

*V. 74/2014* **Question Paperകളുടെ എണ്ണം, പ്രൈവറ്റ് രജിസ്ട്രേഷൻ, AB Forms**

- പ്രൈവറ്റ് രജിസ്ട്രേഷൻ (XI,XII) ചെയ്തവരുടെ എണ്ണം ചോദ്യ പേപ്പറിന്റെ എണ്ണത്തോടൊപ്പം ചേർത്തിട്ടില്ലെങ്കിൽ സെപ്തംബർ 10-ന് മുമ്പ് വിജ്ഞാനഭവനിൽ അറിയിക്കേണ്ടതാണ്.
- HCC II പ്രൈവറ്റായി രജിസ്റ്റർ ചെയ്ത എല്ലാവരുടെയും പേരുകൾ AB ഫോമുകളിൽ ചേർക്കേണ്ടതാണ്. ചേർക്കാത്തവർ സെപ്തംബർ 10-ന് മുമ്പ് അറിയിക്കേണ്ടതാണ്.

*V. 75/2014* **അദ്ധ്യാപക ക്വിസ് പഠനസഹായി**

അദ്ധ്യാപക ക്വിസ് പഠനസഹായി വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. വില 5 രൂപ.

*V. 76/2014* **വിശ്വാസോത്സവം**

വിശ്വാസോത്സവത്തിന്റെ ഓർഡർ ഫോം സെപ്റ്റംബർ 30-ാം തീയതിയ്ക്കകം വിജ്ഞാനഭവൻ ഓഫീസിൽ കിട്ടത്തക്കരീതിയിൽ അയയ്ക്കണം.

*V. 77/2014* **സൺഡേസ്കൂൾ പുസ്തകങ്ങളുടെ ഓർഡർ ഫോം**

സൺഡേസ്കൂൾ പുസ്തകങ്ങളുടെ ഓർഡർ ഫോം തരേണ്ട അവസാന തീയതി സെപ്റ്റംബർ 30 ആണെന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

*V. 78/2014* **SMC അവാർഡ് 2014-15 റീജണൽ തിരഞ്ഞെടുപ്പ്**

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ പുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തപ്പെടുന്നു. വിശ്വാസപരിശീലനത്തിൽ XII-ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. താഴെ പറയുന്ന ക്രമത്തിലായിരിക്കും അത് നടത്തപ്പെടുക.

### A ഇടവകതലം

വിദ്യാർത്ഥിയുടെ വിശ്വാസപരിശീലനനിലവാരം, ധാർമ്മിക വീക്ഷണങ്ങൾ, വ്യക്തിഗതകഴിവുകൾ, സാമൂഹ്യപ്രതിബദ്ധത എന്നിവ കണക്കിലെടുത്ത് ഇടവകയിലെ മികച്ച രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും തെരഞ്ഞെടുത്ത് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ രൂപതാതലത്തിലേക്ക് അയയ്ക്കുന്നു. **രൂപതാകേന്ദ്രത്തിൽ സാക്ഷ്യപത്രം നൽകുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 20 ആണ്.**



### B രൂപതാതലം

രൂപതാതലത്തിൽ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശില്പശാലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളെയും പെൺകുട്ടികളെയും രൂപതാ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടുകൂടി സഭാതലത്തിലേക്ക് അയയ്ക്കുന്നു. രൂപതാതലസെമിനാർ 2014 നവംബർ 3-ാം തീയതി തിങ്കളാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നതാണ്.

### C സഭാതലം

രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടുവരുന്നവർക്കായി സഭാസമിതിയുടെ നേതൃത്വത്തിൽ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു.

N.B. **പ്രൈവറ്റ് രജിസ്ട്രേഷൻ ആയി പരീക്ഷ എഴുതുന്ന കുട്ടികളെ ക്യാമ്പിന് വിടേണ്ടതില്ല.**

*V. 79/2014* **വിജ്ഞാനഭവൻ ബുക്ക്സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## Corporate Educational Agency

*Edn. 48/2014* **Maintenance Grant**

2014-2015-ലെ മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷകൾ തരാത്തവർ ഉടനെതന്നെ ഈ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

### *Edn. 49/2014* റവ. ഫാ. ജോസഫ് പുത്തൻകുളം മെമ്മോറിയൽ സ്കോളർഷിപ്പ്

വിദ്യാഭ്യാസരംഗത്ത് ഏറെ സേവനം നൽകിയിട്ടുള്ള ബ. ജോസഫ് പുത്തൻകുളം അച്ചന്റെ സ്മരണയ്ക്കായി ഫാ. ജോസഫ് പുത്തൻകുളം മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ് (₹ 10000) നൽകുന്നതാണ്. പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന സാമ്പത്തിക പരാധീനതയുള്ള ഒരു കുട്ടിക്കാണ് സ്കോളർഷിപ്പ് നൽകുക. ബ. ജോസഫച്ചന്റെ 9-ാം ചരമവാർഷികദിനമായ ഒക്ടോബർ 2-നായിരിക്കും പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നത്.

ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി അപേക്ഷകൾ രൂപതാ വിദ്യാഭ്യാസ സെക്രട്ടറിക്ക് 2014 സെപ്തംബർ 20-ന് മുമ്പ് നൽകേണ്ടതാണ്. അപേക്ഷാഫോറം രൂപതാ വിദ്യാഭ്യാസ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.

### ബഹു. ഫാ. ജോൺ വള്ളമറ്റം, ബഹു, ഫാ. ജോസഫ് പുത്തൻകുളം അനുസ്മരണം

കോതമംഗലം, ഇടുക്കി രൂപതകളിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുവാനും വളർത്തിയെടുക്കുവാനും അത്യദ്ധ്വാനം ചെയ്തിട്ടുള്ള ബഹു. ജോൺ അച്ചനും (19-09-2005) ബഹു. ജോസഫ് അച്ചനും (02-10-2005) നമ്മോട് വിടപറഞ്ഞിട്ട് ഒൻപത് വർഷം പൂർത്തിയാകുകയാണ്. സെപ്തംബർ മാസത്തിൽ സൗകര്യപ്രദമായിട്ടുള്ള ഒരു ദിവസം സ്കൂൾ അസംബ്ലിയിൽ ബഹു. അച്ചന്മാരെ ഓർമ്മിച്ച് പ്രാർത്ഥിക്കുവാൻ പ്രധാന അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം. ആദ്യവെള്ളിയാഴ്ച നടക്കുന്ന വി. കുർബാനയിലും ബഹു. അച്ചന്മാരെ അനുസ്മരിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

### *Edn. 50/2014* Catechism/Moral Science - Ist Term Examination

Catechism/Moral Science ഒന്നാം ടേം പരീക്ഷ ഓണാവധിക്കുശേഷം സ്കൂൾ തുറന്നുവരുന്ന ദിവസം നിശ്ചിത ടൈംടേബിൾ അനുസരിച്ച് നടത്തേണ്ടതാണ്. വിശദവിവരങ്ങൾ ആഗസ്റ്റ് മാസത്തിലെ ദൈവരാജ്യത്തിൽ കൊടുത്തിട്ടുണ്ട്. ചോദ്യപേപ്പറുകൾ സെപ്തംബർ 4-ാം തീയതി അതാത് സെന്ററുകളിൽ എത്തിക്കുന്നതാണ്.



### *Edn. 51/2014* ബി.എഡിന് കോമേഴ്സ്, മലയാളം ഓപ്ഷനുകൾക്ക് അനുമതി

**മൈലക്കൊമ്പ് :** സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ ബി. എഡിന് കോമേഴ്സ്, മലയാളം ഓപ്ഷനുകൾക്ക് കൂടി അനുമതി ലഭിച്ചു. മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ കോളേജിൽ ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, നാച്ചറൽ സയൻസ്, ഫിസിക്കൽ സയൻസ്, സോഷ്യൽസയൻസ്, കോമേഴ്സ്, മലയാളം എന്നീ ഓപ്ഷനുകളാണ് ഉള്ളത്. അൻപത് ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ഡിഗ്രി പാസായവർക്ക് ബി.എഡിന് ചേരാം.

യൂണിവേഴ്സിറ്റി നിഷ്കർഷിക്കുന്ന ഫീസ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അർഹതപ്പെട്ടവർക്ക് ഫീസിളവും, ഫീസ് തവണകളായി അടയ്ക്കാൻ സൗകര്യവും ഉണ്ടായിരിക്കും. കോതമംഗലം രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർ കോളേജുമായി ബന്ധപ്പെടുക.

ഫാ. ജോൺസൺ ഓറോപ്ലാക്കൽ Ph. 04862 201910, 9947940525

*Secretary*

---

## ചെറുപുഷ്പമിഷൻലീഗ്

### *CML41 /2014* മേഖല കലാമത്സരം

മേഖലാതല കലാമത്സരങ്ങൾ സെപ്റ്റംബർ 13-ാം തീയതി എല്ലാ മേഖലാകേന്ദ്രങ്ങളിലും വച്ച് നടത്തുമല്ലോ. കലാമത്സരത്തോടൊപ്പം ഡിബേറ്റ് മത്സരവും നടത്തുന്നതാണ്. മത്സരവിഷയം: സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളുടെ ഉപയോഗം ഒരു ലഹരിയോ? ഇത് ബാലകൗമാരങ്ങളുടെ വളർച്ചയ്ക്കോ? തളർച്ചയ്ക്കോ? ഒരു ശാഖയിൽ രണ്ടുപേർ അടങ്ങുന്ന ടീമിന് മത്സരത്തിൽ പങ്കെടുക്കാം. വിശദവിവരങ്ങൾക്ക് മാർഗരേഖ കാണുക.

### *CML42 /2014* സംസ്ഥാന സാഹിത്യമത്സരം

സംസ്ഥാനതലത്തിലുള്ള സാഹിത്യമത്സരങ്ങൾ സെപ്റ്റംബർ

15-ാം തീയതി മൂവാറ്റുപുഴ ലിറ്റിൽ ഫ്ളവർ എൽ. പി. സ്കൂളിൽവച്ച് നടത്തുന്നതാണ്. രൂപതാതലത്തിൽ സാഹിത്യ മത്സരത്തിന് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരാണ് ഇതിൽ പങ്കെടുക്കേണ്ടത്.

*CML43 /2014* **സംഭാവന കൂപ്പൺ**

സംഭാവന കൂപ്പണിന്റെ തുകയും സംസ്ഥാനവിഹിതമായ 1 രൂപ കളക്ഷനും ഇനിയും നൽകാത്തവർ എത്രയും വേഗം രൂപത മിഷൻലീഗ് ഓഫീസിൽ ഏൽപിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML44 /2014* **ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം**

ചെറുപുഷ്പമിഷൻലീഗിന്റെ സ്ഥാപകഡയറക്ടറായ ജോസഫ് മാലിപ്പറമ്പിലച്ചന്റെ ചരമദിനമായ സെപ്റ്റംബർ 9-ന് അദ്ദേഹത്തിന്റെ അനുസ്മരണദിനമായി ആചരിക്കും.

*Director*

## കെ.സി.എസ്.എൽ.

*KCSL 20/2014* **പഠനാനുഭവ പ്രാർത്ഥനാധ്യാനം**

എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്കായുള്ള പഠനാനുഭവ പ്രാർത്ഥനാധ്യാനം മൂവാറ്റുപുഴ നെസ്റ്റിൽവച്ച് സെപ്റ്റംബർ 8-ാം തീയതി വൈകിട്ട് 4.00 മണിക്ക് ആരംഭിച്ച് 10-ാം തീയതി 4.00 മണിക്ക് അവസാനിക്കുന്നതാണ്. ഫീസ് ₹ 450. ആനിമേറ്റേഴ്സ് കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*KCSL 21 /2014* **ഇന്റർസ്കൂൾ ബൈബിൾക്വിസ്**

ഇന്റർ സ്കൂൾ ബൈബിൾക്വിസ് ആദ്യറൗണ്ട് മത്സരം സെപ്റ്റംബർ 26-ാം തീയതി തൊടുപുഴ, മുവാറ്റുപുഴ, കോതമംഗലം എന്നീ മൂന്ന് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കെ.സി.എസ്. എൽ. ഓഫീസിൽ സെപ്റ്റംബർ 10-ാം തീയതിക്കുമുമ്പായി പേര് നൽകേണ്ടതാണ്.

*Director*



## സോഷ്യൽ സർവീസ്

*SS. 33 /2014* **ധനസഹായം**

2014 ജൂലൈ മാസം 20-ാം തീയതി മുതൽ 2014 ആഗസ്റ്റ് 20 വരെ കോതമംഗലം സോഷ്യൽ സർവീസസ് വഴി വിവിധ ഇടവകകളിൽ നല്കിയിട്ടുള്ള ധനസഹായം:

16 ഇടവകകളിലായി 44500 രൂപ ചികിത്സാസഹായമായും 8 ഇടവകകളിൽ 25500 രൂപ ഭവനനിർമ്മാണത്തിനായും ധനസഹായം നല്കിയിട്ടുണ്ട്.

*Director*

## യുവദീപ്തി

*YD 31 /2014* **യുലിറ്റ്-2014**

KCYM കോതമംഗലം രൂപത ഒരുക്കുന്ന യുവജന കൺവെൻഷൻ യുലിറ്റ്-2014 സെപ്തംബർ മാസം 10-ാം തീയതി 3.30 pm മുതൽ സെപ്തംബർ 13-ാം തീയതി 2.00 pm വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. ഓരോ യൂണിറ്റിൽ നിന്നും കുറഞ്ഞത് 5 പേർ എങ്കിലും കൺവെൻഷനിൽ പങ്കെടുക്കുന്നുണ്ടെന്ന് യൂണിറ്റ് ഭാരവാഹികൾ ഉറപ്പുവരുത്തുക.

*YD 32 /2014* **ബോബി എം. പാലയ്ക്കൽ ഷട്ടിൽ ടൂർണമെന്റ്**

ബോബി എം. പാലയ്ക്കലിന്റെ സ്മരണാർത്ഥം KCYM കോത

മംഗലം രൂപത ഒരുക്കുന്ന ഷട്ടിൽ ടൂർണമെന്റിന്റെ രൂപതാതലമത്സരം ഒക്ടോബർ മാസം 22-ാം തീയതി നടത്തപ്പെടുന്നു. അതിനു മുൻപായി ഫൊറോനാ തല മത്സരങ്ങൾ നടത്തുവാൻ ഫൊറോന ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

*YD 33 /2014* **ഭവനനിർമ്മാണം**

ഭവനനിർമ്മാണത്തിൽ നമ്മുടെ സഹായവും ഉൾപ്പെടുത്താൻ ഒരുക്കിയിരിക്കുന്ന കൂപ്പണുകളുടെ വില്പന ഉടനെ നടത്തി സംഭാവന KCYM രൂപത ഓഫീസിൽ (നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ) എത്തിക്കുമല്ലോ.

*YD 34 /2014* **അഭിനന്ദനങ്ങൾ**

യുക്യാറ്റ് ക്വിസ് മത്സരത്തിൽ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നു. മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മുതലക്കോടം ഫൊറോനയ്ക്കും രണ്ടാംസ്ഥാനം കരസ്ഥമാക്കിയ വാഴക്കുളം ഫൊറോനയ്ക്കും മൂന്നാംസ്ഥാനം കരസ്ഥമാക്കിയ കോതമംഗലം ഫൊറോനയ്ക്കും KCYM രൂപതാഭാരവാഹികളുടെയും KCYM കുടുംബത്തിന്റെയും എല്ലാവിധ ആശംസകളും അനുമോദനങ്ങളും.

*Director*

---

## ജീസസ് യൂത്ത്

*JY 17 /2014* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ആഗസ്റ്റ് മാസം 9-ാം തീയതി ശനിയാഴ്ച വൈകിട്ട് 6.00 pm മുതൽ ആരംഭിച്ച് 10-ാം തീയതി 1.00 am ന് ദിവ്യബലിയോടുകൂടി സമാപിച്ചു. 65 പേരോളം പങ്കെടുത്തു. ആലീസ്കുട്ടി ക്ലാസ് നയിച്ചു.

അടുത്ത നൈറ്റ് വിജിൽ സെപ്തംബർ 13-ാം തീയതി ശനിയാഴ്ചയായിരിക്കും.



*JY 18 /2014* **All Kerala Parish Fest-2014**

ഇടവകകളിലെ യൂത്ത് പ്രെയർഗ്രൂപ്പ് സജീവമാക്കുന്നതിനും കൂടുതൽ പ്രെയർ ഗ്രൂപ്പുകൾ തുടങ്ങുന്നതിനും, പ്രെയർ ഗ്രൂപ്പ് ലീഡേഴ്സിനുവേണ്ടി കേരള ജീസസ് യൂത്ത് ഒരുക്കുന്ന ഓൾ കേരള പാരീഷ് ഫെസ്റ്റ് ഒക്ടോബർ 1 മുതൽ 4 വരെ മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തുന്നു. കേരളത്തിലെ എല്ലാ ഇടവകകളിൽ നിന്നും ഉള്ള ലീഡേഴ്സ് പങ്കെടുക്കുന്നു.

*Director*

---

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 29 /2014* **പ്രത്യേക അറിയിപ്പ്**

ഒക്ടോബർ 1, 2, 3 തീയതികളിൽ നടത്തുവാനിരുന്ന വിവാഹ ഒരുക്ക സെമിനാർ ഒക്ടോബർ 8, 9, 10 തീയതികളിലേക്ക് മാറ്റിയിരിക്കുന്നു.

*FA 30 /2014* **രൂപതാ കൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ കൗൺസിൽ സെപ്തംബർ 5-ാം തീയതി വെള്ളിയാഴ്ച 2 മണി മുതൽ 5 മണി വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു.

*FA 31 /2014* **നേതൃത്വപരിശീലനക്യാമ്പ്**

ഫാമിലി അപ്പോസ്റ്റലേറ്റ് നേതൃത്വപരിശീലനക്യാമ്പ് സെപ്തംബർ 5, 6 തീയതികളിൽ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. ഫൊറോന, ഇടവക ഭാരവാഹികളാണ് പങ്കെടുക്കേണ്ടത്.

*FA 32 /2014* **മദ്ധ്യസ്ഥപ്രാർത്ഥനയും കൗൺസലിംഗും**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും കൗൺസലിംഗും സൗഖ്യാരാധനയും സെപ്തംബർ 24 ബുധൻ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

*FA 33 /2014* **ഹോം മിഷൻ**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിലുള്ള ഹോംമിഷൻ

ടീമിന്റെയും, ഹോംമിഷൻ പ്രോഗ്രാമുകളിൽ സഹകരിക്കാൻ ആഗ്രഹിക്കുന്നവരുടെയും ഒരു സംയുക്ത യോഗം സെപ്തംബർ 24 ബുധൻ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്.

*FA 34 /2014* **ജൂബിലി ദമ്പതീസംഗമം**

1964-ലും 1989-ലും വിവാഹിതരായി ഈ വർഷം വിവാഹത്തിന്റെ സുവർണ്ണ-രജതജൂബിലികൾ ആഘോഷിക്കുന്ന ദമ്പതിമാരെ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ അനുമോദിക്കുന്നു. ഒക്ടോബർ 2-ാം തീയതി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്ന ജൂബിലി ദമ്പതീസംഗമത്തിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് മംഗളപത്രം നൽകി ദമ്പതിമാരെ ആദരിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ദമ്പതിമാരുടെ പേരുകൾ സെപ്തംബർ 15-ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

*FA 35 /2014* **പ്രാർത്ഥനാദിനം**

KCBC ഫാമിലി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതുപോലെ 2014 സെപ്തംബർ മാസം 28-ാം തീയതി ഞായറാഴ്ച ഫാമിലി അപ്പോസ്റ്റലേറ്റ് ഒരു പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. കുടുംബങ്ങൾക്കുവേണ്ടിയും റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ വിജയത്തിനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. ഇടവകയിൽ പ്രത്യേകം പ്രാർത്ഥനകൾ നടത്തുമ്പോൾ ഫാമിലി അപ്പോസ്റ്റലേറ്റ് അംഗങ്ങൾ നേതൃത്വം നല്കാൻ ശ്രദ്ധിക്കുമല്ലോ.

*FA 36 /2014* **വിവാഹഒരുക്ക സെമിനാർ**

സീറോ മലബാർ സഭാംഗങ്ങൾക്കുവേണ്ടി വിവാഹഒരുക്ക സെമിനാർ നടത്തുന്നതിന് സീറോ മലബാർ രൂപതകൾക്കു പുറമെ ഔദ്യോഗികാധികാരമുള്ള സ്ഥലങ്ങൾ:

**ഇന്ത്യക്ക് പുറത്ത്**

**1. Austria**

Rev. Dr. Thomas Thandappilly CST
Pfarre Maria Lourdes, A-1120
Vienna, Tivoligasse 20
Tel. 0044318174206 (0044369911966771)
E-mail:thandappilly@aon.at



**2. United Kingdom**

Rev. Fr. Thomas Parayadiyil MST
Co-Ordinator
Our Lady of Lourdes Church
373 Bowes Road, London N11 IAA. U.K.
Ph. 0044.2083683016, Cell : 0044.7523100870
fr.coordinator@syromalabarchurchuk.org

**3. Rome**

Rev. Fr. Stephen Chirappanath
San Thom Pastoral Center
Via Torino 94, 00184, Roma
Ph. 06-4820028, Cell. 003663124882
E-mail: stephenchirapanath@gmail.com

**Recently Approved Centres**

**1.The Apostolic Vicariate of Northern Arabia**

Most. Rev. Camillo Ballin MCCJ
Bishop's Office, P.O. Box. 266
13003, Safat, KUWAIT
Ph. 965 2242-0275, Cell. 9659711- 9772

**2.The Apostolic Vicariate of Southern Arabia**

Most. Rev. Paul Hinder OFM Cap
Apostolic Vicar of Southern Arabia,
St. Joseph Cathedral, P.O. Box 54
Abu Dhabi-UAE, Ph. 0097124465177

**3. Ireland**

Rev. Fr. Antony Perumayan
125, Falls Road Belfast
Northern Ireland
Ph. 0044-2890890954, Cell. 00447542236384
E-mail: aperumayan@gmail.com

**ഇന്ത്യക്ക് അകത്ത്**

**4. Ahmadabad**

Rev. Fr. Kuriachan Paul
Episcopal Vicar for the Syro Malabar Catholics
in the Diocese of Ahmadabad

Bishop's House, Mizzapur
Ahmadabad 380 001
Cell. 09327004196

**5.Chennai**

Rev. Dr. Jose Palatty
St. Thomas Pastoral Centre
16, Ayanapuram Road,
Chennai - 600 023
Tel. 044-26443803
E-mail:stpcchennai@yahoo.com

**6.Bangalore**

Fr. Mathew Koikara CMI
Coordinator, St. Mary's Church
St. Mary's Nagar, Bommanahalli
Bangalore - 560 068
Tel. 080 41645560
Mob. 09448953810
E-mail:fatherkoikan@yahoo.com; smlcbangalore@gmail.com

*Director*

---

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 12 /2014* **കത്തോലിക്കാ കോൺഗ്രസ് കർഷകസംഗമം നടത്തും**

റബർ വിലയിടിവ്, ഹൈറേഞ്ച് പട്ടയം, വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി എന്നീ വിഷയങ്ങളിൽ നിഷ്ക്രിയമായിരിക്കുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാസമിതിയുടെ നേതൃത്വത്തിൽ 30 കേന്ദ്രങ്ങളിൽ കർഷക സമ്മേളനങ്ങൾ വിളിച്ചു ചേർക്കും. റബർ വിലയിടിവിന്റെ യഥാർത്ഥ കാരണങ്ങളും, പട്ടയ വിതരണത്തിലെ കാണാക്കളികളും, വിദ്യാഭ്യാസ



മേഖലയിലെ പ്രതിസന്ധിയുടെ കാരണങ്ങളും ജനങ്ങളിലെത്തിക്കുന്നതിനും, രാഷ്ട്രീയ കക്ഷികളുടെ കപട കർഷക സ്നേഹം തുറന്നു കാട്ടുന്നതിനും സമ്മേളനങ്ങൾ വേദിയാകും. റബർ സംഭരണ വാഗ്ദാനം നൽകി സർക്കാർ കർഷകരെ വഞ്ചിക്കുകയാണെന്ന പ്രമേയം രൂപതാ കമ്മിറ്റി യോഗത്തിൽ രൂപതാ പ്രസിഡന്റ് ഐപ്പച്ചൻ തടിയ്ക്കാട്ട് അവതരിപ്പിച്ചു.

*AKCC 13 /2014* **കത്തോലിക്കാ കോൺഗ്രസ് രൂപത തെരഞ്ഞെടുപ്പ്**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപത പ്രതിനിധി സമ്മേളനം ഹോളി മാഗി പള്ളി പാരീഷ് ഹാളിൽ റവ. ഫാ. ആന്റണി പുത്തൻകുളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിന്റെ ഉദ്ഘാടനം ഹോളി മാഗി പള്ളി വികാരി റവ. ഫാ. ജോൺ ആനിക്കോട്ടിൽ നിർവഹിച്ചു. കത്തോലിക്കർ ഇപ്പോൾ നേരിടുന്ന പ്രതിസന്ധികളിൽ കത്തോലിക്കാ കോൺഗ്രസ് സജീവമായി ഇടപെടേണ്ട ആവശ്യകതയെക്കുറിച്ച് കേന്ദ്ര ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം ഉദ്ബോധിപ്പിച്ചു. കോതമംഗലം രൂപത കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളായി താഴെ പറയുന്നവരെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു:

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ഐപ്പച്ചൻ തടിയ്ക്കാട്ട് | – 9446020050 |
| വൈസ് പ്രസിഡന്റ് | : | 1) മാത്യു വെച്ചൂർ (തൊടുപുഴ, മാറിക, മൈലക്കൊമ്പ്, കരിമണ്ണൂർ, മുതലക്കോടം, കാളിയാർ) | – 9496279478 |
| | | 2) ജോയി പോൾ (കോതമംഗലം, പൈങ്ങോട്ടൂർ, ഊന്നുകൽ, വാഴക്കുളം, മൂവാറ്റുപുഴ, ആരക്കുഴ) | – 9447759180 |
| ജനറൽ സെക്രട്ടറി | : | ജോസ് ഇലഞ്ഞിക്കൽ | – 9447474949 |
| സെക്രട്ടറി | : | 1) വി. യു. ചാക്കോ (കോതമംഗലം, പൈങ്ങോട്ടൂർ, ഊന്നുകൽ) | – 9446482202 |
| | | 2) ജോസ് പുതിയേടം (വാഴക്കുളം, മൂവാറ്റുപുഴ, ആരക്കുഴ) | – 9446963158 |
| | | 3) സജി മൈലാടി (തൊടുപുഴ, മാറിക, മൈലക്കൊമ്പ്) | – 9744407008 |
| | | 4) ജോജോ മുതലക്കുഴി (കരിമണ്ണൂർ, മുതലക്കോടം, കാളിയാർ) | – 9447314526 |
| ട്രഷറർ | : | ജോൺ മുണ്ടങ്കാവിൽ | – 9447717690 |

കേന്ദ്ര വർക്കിംഗ്
കമ്മിറ്റി മെമ്പർ : അഡ്വ. ബിജു പറയന്നിലം - 9447440894
എക്സിക്യൂട്ടീവ്
കമ്മിറ്റി മെമ്പർ : 1) റോജോ ജോസഫ് - 9526801713
2) ജെയ്ബി കുരുവിത്തടം(PRO)- 9349123644
3) ജോർജ് മണിമല - 9446609126
4) മാത്യു ജോൺ മലേക്കുടി - 9447212629
5) സോജൻ ജോസഫ് അരീക്കാട്ട് - 9447440599
6) ഗ്ലാഡീസ് റോയി - 9249975797
പ്രത്യേക ക്ഷണിതാക്കൾ1) മത്തച്ചൻ ചൂരാപ്പുഴ
2) കുഞ്ഞ് വള്ളമറ്റം
3) ചാക്കോ കുരൂക്കൂർ

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 13 /2014* **മദ്ധ്യസ്ഥപ്രാർത്ഥന**

ഒക്ടോബർ മാസത്തിൽ മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് ജീസസ് യൂത്ത് നടത്തുന്ന ഓൾകേരള പാരീഷ് ഫെസ്റ്റിന്റെ വിജയത്തിനുവേണ്ടി, ആഗസ്റ്റ് 13-ാം തീയതി ബുധനാഴ്ച, കരിസ്മാറ്റിക് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

കാരക്കുന്നം മോചന ചാപ്പലിൽ വച്ച് നടത്തിയ പ്രാർത്ഥനയിൽ വിവിധ സബ്സോണുകളിൽ നിന്ന് പ്രതിനിധികളും ജീസസ് യൂത്തിന്റെ പ്രതിനിധികളും പങ്കെടുത്തു. സോൺ സർവീസ് ടീം പ്രാർത്ഥന നയിച്ചു.

*PG 14 /2014* **ഭവനസന്ദർശനം**

കരിസ്മാറ്റിക് പ്രവർത്തനങ്ങളിൽ വ്യാപൃതരായി കോതമംഗലം സോൺ സർവീസ് ടീം നേതൃത്വനിരയിൽ പ്രവർത്തിക്കുന്നവരുടെ ഭവനങ്ങളിൽ KST നേതൃത്വം സന്ദർശനം നടത്തി.

KST ചെയർമാൻ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളി, കോതമംഗലം രൂപത പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടറും സോണൽ ആനിമേറ്ററുമായ റവ. ഫാ. ജോർജ് ചേറ്റൂർ, KST വൈസ് ചെയർമാൻ ഇടുക്കി തങ്കച്ചൻ, KST സെക്രട്ടറി ജാൻസ് സഖറിയാസ്, ശ്രീമതി ലിസ്സി ജോസ്, സോണൽ കോ-ഓർഡിനേറ്റർ പി.ആർ. ആന്റണി എന്നിവരടങ്ങിയ ടീം കരിസ്മാറ്റിക് ലീഡേഴ്സിന്റെ ഭവനങ്ങൾ സന്ദർശിച്ച് കുടുംബാം



ഗങ്ങളോടൊത്ത് പ്രാർത്ഥിക്കുകയും രോഗീസന്ദർശനം നടത്തുകയും ചെയ്തു. ആഗസ്റ്റ് 18-ന് തിങ്കളാഴ്ച രാവിലെ 7 മണിമുതൽ രാത്രി 7 മണി വരെയായിരുന്നു സന്ദർശനം നടത്തിയത്.

*PG 15 /2014* **കൊയ്നോനിയ 2014 സെമിനാർ**

2014 സെപ്റ്റംബറിൽ കളമശ്ശേരി സെന്റ് പോൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന 4 ദിവസത്തെ കൺവെൻഷന് ഒരുക്കമായി കോതമംഗലം സോണിലും ഏകദിനസെമിനാർ നടത്തി.

ആഗസ്റ്റ് 19-ന് കാരക്കുന്നം സെന്റ് മേരീസ് കത്തോലിക്കാ ദൈവാലയത്തിൽ വച്ച് രാവിലെ 9.30 മുതൽ ജപമാലയോടുകൂടി ആരംഭിച്ചു. KST ചെയർമാൻ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളി വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈസ് ചെയർമാൻ ഇടുക്കി തങ്കച്ചൻ ക്ലാസ്സ് നയിച്ചു. റവ. ഫാ. ജോർജ് ചേറ്റൂർ ആരാധനാശുശ്രൂഷ നയിച്ചു. സോണൽ കോ-ഓർഡിനേറ്റർ, ട്രഷറർ, സർവീസ് ടീം അംഗങ്ങൾ എന്നിവർ മറ്റു ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽനിന്നുമായി 125 പേർ പങ്കെടുത്തു.

*Director*

## മാതൃദീപ്തി

*MD 26 /2014* **മാർഗരേഖാപ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും**

2014 ആഗസ്റ്റ് 16-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് രൂപത പാസ്റ്ററൽ സെന്റർ നെസ്റ്റിൽ വച്ച് മാതൃദീപ്തിയുടെ 2014-2017 വർഷങ്ങളിലെ മാർഗരേഖാപ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും രൂപത ചാൻസലർ റവ. ഡോ. ജോർജ് തെക്കേക്കര നിർവഹിച്ചു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഫൊറോന, യൂണിറ്റു ഭാരവാ

ഹികൾക്ക് ലഡു നൽകി അഭിനന്ദിച്ചു. ഒരുമണിയോടെ സമ്മേളനം അവസാനിച്ചു. തുടർന്ന് സ്നേഹവിരുന്നും ഓണപ്പായസവും കഴിച്ച് എല്ലാവരും ഭവനങ്ങളിലേക്ക് മടങ്ങി.

*MD 27 /2014* **ഫൊറോന കൗൺസിൽ**

ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ 12 ഫൊറോനകളിലും ഫൊറോന കൗൺസിലുകൾ കൂടി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*MD 28 /2014* **രൂപതാ എക്സിക്യൂട്ടീവ്**

സെപ്തംബർ 25-ാം തീയതി വ്യാഴാഴ്ച രൂപത എക്സിക്യൂട്ടീവ് കൂടുന്നു.

*Director*

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

*SA 10 /2014*

മരിയൻ സിംഗിൾസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2014 സെപ്തംബർ 18-ാം തീയതി വൈകുന്നേരം 4 മണിമുതൽ 21-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി വരെ പി.ഒ.സി.യിൽ വച്ച് ഏകസ്ഥവനിതകൾക്കുവേണ്ടി ഒരു പഠനശിബിരം നടത്തുന്നു. അടുത്ത് നടക്കുവാനിരിക്കുന്ന സിനഡിന്റെ വെളിച്ചത്തിൽ സെമിനാറിന്റെ മുഖ്യപഠനവിഷയം "ഏകസ്ഥരും കുടുംബവും" എന്നതാണ്.

താമസം, ഭക്ഷണം, ഫീസ് 400 രൂപ.

ബന്ധപ്പെടുന്നതിന് :

| | |
|---|---|
| ഫാ. ജോസ് കോട്ടയിൽ | 9495213782 |
| മേരി മലേപ്പറമ്പിൽ (പ്രസിഡന്റ്) | 9496452944 |
| സി. സി. ആലീസ് കുട്ടി (സെക്രട്ടറി) | 9447986367 |

*SA 11 /2014* **ഏകസ്ഥ കൂട്ടായ്മ**

സെപ്തംബർ 22-ാം തീയതി തിങ്കളാഴ്ച 10 മണിക്ക് നെസ്റ്റിൽ വച്ച് രൂപതഡയറക്ടർ ബ. ജോസഫ് എഴുമായിലച്ചന്റെ നേതൃത്വത്തിൽ മരിയൻ സിംഗിൾസ് കൂട്ടായ്മയും ക്ലാസ്സും ഉണ്ടായിരിക്കും.

*Director*



## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| Sept. | 3 - 5 | - വിവാഹഒരുക്കസെമിനാർ |
| " | 5 - 6 | - Leaders' Training Camp |
| " | 8 - 10 | - Mission League Retreat |
| " | 10 - 13 | - KCYM Gathering |
| " | 13 | - Catechism Contact Class |
| " | 14 - 19 | - Retreat for Priests |

*Director*

## *Festal Greetings*

| | | | |
|---|---|---|---|
| Rev. Fr. | Athickal Mathew | **September** | 21 |
| ” | Areekkatt Mathew | ” | 21 |
| ” | Chandrankunnel Mathew | ” | 21 |
| ” | Chamakalayil Mathew | ” | 21 |
| ” | Edattu Mathew | ” | 21 |
| ” | Edassery Mathew | ” | 21 |
| ” | Ezhanikatt Mathew | ” | 21 |
| ” | Kakkanatt Mathew ( Jr.) | ” | 21 |
| ” | Konickal Mathew | ” | 21 |
| ” | Kochumundanmalayil Mathew | ” | 21 |
| ” | Kochupurackal Mathew | ” | 21 |
| ” | Kochupurackal Mathew (Jr.) | ” | 21 |
| ” | Kunnath Mathew | ” | 21 |
| ” | Kunnappillil Mathew | ” | 21 |
| ” | Maliekal Mathews | ” | 21 |
| ” | Mundackal Mathew M. | ” | 21 |
| ” | Mundackal Mathew (Sr.) | ” | 21 |
| ” | Mundackal Mathew (Jr.) | ” | 21 |
| ” | Nandalath Mathews | ” | 21 |
| Mgr. | Palamattam Mathew | ” | 21 |
| Rev. Fr. | Pittapillil Mathew | ” | 21 |
| ” | Pothanamuzhi Mathew | ” | 21 |
| ” | Poonat Mathew | ” | 21 |
| ” | Thekkekara Mathew (Sr.) | ” | 21 |
| ” | Thekkekara Mathew (Jr.) | ” | 21 |
| ” | Thekkumkattil Mathew | ” | 21 |

| | | | |
|---|---|---|---|
| Rev. Fr. | Thevarpadam Mathews | ” | 21 |
| ” | Thottathimyalil Mathew | ” | 21 |
| ” | Thozhalay Mathew | ” | 21 |
| ” | Vadakkumpadath Mathew | ” | 21 |
| ” | Valiamattam Mathew | ” | 21 |
| Mgr. | Vellankal Mathew | ” | 21 |
| Rev. Fr. | Nedungattu Vincent | ” | 28 |

# വാർത്തയും വിശേഷങ്ങളും

## എട്ടാമത് ലോക സുറിയാനി സമ്മേളനം

നാലു വർഷത്തിലൊരിക്കൽ കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ലോക സുറിയാനി സമ്മേളനത്തിന്റെ എട്ടാമത് സമ്മേളനം 2014 സെപ്തംബർ 8 മുതൽ 16 വരെ 'സീരി' ഓഡിറ്റോറിയത്തിൽ നടത്തുന്നു. സപ്തഭൂഖണ്ഡങ്ങളിൽ നിന്നും സുറിയാനി ഭാഷയിലും സാഹിത്യത്തിലും ഗവേഷകരും പ്രൊഫസർമാരും വിദ്യാർത്ഥികളുമായി നാനൂറോളം പ്രതിനിധികൾ പങ്കെടുക്കുന്നതാണ്. നൂറ്റിയിരുപതിലധികം ഗവേഷണപ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുന്ന സമ്മേളനത്തിൽ എൺപതിലധികം വിദേശ പ്രതിനിധികൾ പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതാണ്. സുറിയാനി ഭാഷയും സാഹിത്യവും സംസ്കൃതിയും ആഴത്തിൽ അറിയുവാനും പങ്കുവയ്ക്കുവാനും വിവിധ സെഷനുകൾ സഹായിക്കുന്നതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സുറിയാനി സഭാദ്ധ്യക്ഷന്മാരും വിവിധ സർവകലാശാലകളിൽ നിന്ന് സുറിയാനി ഭാഷാവകുപ്പ് അദ്ധ്യക്ഷന്മാരും ഗവേഷണകേന്ദ്ര മേധാവികളും പങ്കെടുക്കുന്ന സമ്മേളനം സുറിയാനി സഭകളുടെ സംഗമഭൂമിയായ കേരളത്തിന്റെ സംസ്കാരവും സംസ്കൃതിയും സഭാദർശനങ്ങളും മനസ്സിലാക്കുവാനും പങ്കുവയ്ക്കുവാനുമുള്ള അവസരവുമായിരിക്കും. കേരളത്തിൽ നിന്നുള്ള വിവിധ സഭാദ്ധ്യക്ഷന്മാരും സർവകലാശാല പ്രതിനിധികളും സമുദായനേതാക്കന്മാരും ജനനേതാക്കന്മാരും വിവിധ സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ കോട്ടയം 'സീരി'യുമായി ബന്ധപ്പെടേണ്ടതാണ്. Ph. 0091-481-2564333, 2566333, 2560856. E-mail: seeri@bsnl.in, maeri@dataone.in. Web:www.seeri.org.

**ഫാ. ഡോ. ജേക്കബ് തെക്കേപറമ്പിൽ,** ഡയറക്ടർ, സീരി

— — — — — — — — — — — — — — — —



## വാഴക്കുളം സെന്റ് ജോർജ് ആശുപത്രിയിൽ പുതിയ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു

വാഴക്കുളം സെന്റ് ജോർജ് ആശുപത്രിയിൽ പുതിയതായി ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും 2014 ആഗസ്റ്റ് 21 വ്യാഴാഴ്ച നടത്തി. ഒരേ സമയം അഞ്ചുപേർക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള സംവിധാനമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. പ്രശസ്തരായ നെഫ്രോളജിസ്റ്റ്സിന്റെ സേവനം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വൈകുന്നേരം : 4.00 മണിമുതൽ O.P.-യിൽ ലഭ്യമാണ്.

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂലൈ**

26 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മേജർ സെമിനാരി റെക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു.

• ചൂണ്ടി നസ്രത്ത് ജനറലേറ്റിൽ 7 സന്യാസിനികളുടെ നിത്യവ്രതവാഗ്ദാനത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

27 • കളമശ്ശേരി സെന്റ് ജോസഫ് പള്ളിയിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് സന്ദേശം നൽകി.

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോൺ പിണക്കാട്ട് | ചരമദിനം | 02-10-2005 |
| ഫാ. ജോസഫ് പുത്തൻകുളം | ,, | 02-10-2005 |
| ഫാ. ആന്റണി നെടുമ്പുറം | ,, | 03-10-2008 |
| ഫാ. ജോസഫ് പെരുമ്പനാനിക്കൽ | ,, | 20-10-2002 |
| ഫാ. അഗസ്റ്റിൻ ചെമ്പരത്തി | ,, | 22-10-1964 |
| ഫാ. ജെയിംസ് വെമ്പിള്ളി (Sr.) | ,, | 22-10-1973 |
| ഫാ. ജോർജ് അറുകാലിൽ | ,, | 25-10-2003 |
| മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ | ,, | 29-10-1971 |
| ഫാ. മാത്യു തറയിൽ | ,, | 31-10-2013 |